# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2115 | 07.07.2015-ലെ മറുപടിയ്ക്ക് |
|---|---|

### ഓൺലൈൻ വ്യാപാരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.എൻ.എ.ഖാദർ | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമാണവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് നടക്കുന്ന വ്യാപാരത്തിൽ ഓൺലൈൻ വ്യാപാരത്തിന്റെ പങ്ക് എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ; | (എ) | അന്യസംസ്ഥാനങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്ന ഓൺലൈൻ വ്യാപാര സ്ഥാപനങ്ങൾ ഓൺലൈൻ വഴി ഓർഡറുകൾ സ്വീകരിക്കുകയും ഉപഭോക്താക്കൾക്ക് സാധനങ്ങൾ എത്തിക്കുകയുമാണ് ചെയ്യുന്നത്. ഭൂരിഭാഗം സ്ഥാപനങ്ങളും കേരളത്തിൽ രജിസ്ട്രേഷൻ എടുക്കുകയോ കണക്കുകൾ സമർപ്പിക്കുകയോ ചെയ്യുന്നില്ല. ഉപഭോക്താക്കളുടെ പേരിൽ ബില്ല് ചെയ്തു വരുന്ന സാധനങ്ങൾക്ക് അതാത് സംസ്ഥാനങ്ങളിൽ നിലവിലുള്ള നികുതി ഈടാക്കിയതായാണ് ബില്ലിൽ രേഖപ്പെടുത്തിക്കാണുന്നത്. അതിനാൽത്തന്നെ സംസ്ഥാനത്ത് നടക്കുന്ന ഓൺലൈൻ വ്യാപാരത്തിന്റെ വ്യാപ്തിയെക്കുറിച്ചുള്ള കൃത്യമായ കണക്കുകൾ ലഭ്യമല്ല. |
| (ബി) | ഓൺലൈൻ വ്യാപാരത്തിലൂടെയുള്ള നികുതി നഷ്ടം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ; | (ബി) | അന്യ സംസ്ഥാനങ്ങളിൽ നിന്ന് നിയമപരമായി കേരളത്തിലേക്ക് നടത്തുന്ന വില്പന, കേന്ദ്ര വില്പന നികുതി നിയമം അനുവദിച്ചിട്ടുള്ളതാണ്. അത്തരം വ്യാപാരങ്ങൾ തടയുവാൻ ഭരണഘടനാപരമായി സംസ്ഥാനങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. അന്തർ സംസ്ഥാന വില്പന ഒരു കേന്ദ്ര വിഷയവുമാണ്. വ്യക്തമായ നിയമത്തിന്റെ അഭാവം ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതിൽ ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | എന്നാൽ ഓൺലൈൻ വില്പന പ്രക്രിയയുടെ ചില വസ്തുതകൾ പരിശോധിച്ച് അതു സംസ്ഥാനത്തിനകത്തെ വിൽപനയായി പരിഗണിക്കേണ്ടതാണെന്നും ആയതിനാൽ നികുതി ബാധ്യത ഉണ്ടെന്നും കാണിച്ച് ചില സ്ഥാപനങ്ങൾക്ക് പിഴ ചുമത്തിയിട്ടുണ്ട്. അതിനെതിരെ ഓൺലൈൻ വ്യാപാരികൾ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്ത് സ്റ്റേ വാങ്ങിയിട്ടുണ്ട്. |
| (സി) | ഓൺലൈൻ വ്യാപാരത്തിന്റെ വർദ്ധനവ് ആഭ്യന്തരവിപണിയെയും ചെറുകിട സംരംഭകരെയും ദോഷകരമായി ബാധിച്ചിട്ടുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ; | (സി) | വിലയിരുത്തിയിട്ടുണ്ട്. കേരളത്തിലെ ഓൺലൈൻ വ്യാപാര മേഖലയെക്കുറിച്ച് പഠിക്കുന്നതിന് വാണിജ്യ നികുതി വകുപ്പിലെ ജോയിന്റ് കമ്മീഷണർ -1 അദ്ധ്യക്ഷയായി ഒരു കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | ചരക്കുസേവന നികുതി (ജി.എസ്.ടി) ഏർപ്പെടുത്തുന്നതോടെ ഓൺലൈൻ വ്യാപാരത്തെയും ഇതുവഴിയുള്ള നികുതി നഷ്ടത്തെയും നിയന്ത്രിക്കുവാൻ കഴിയുമോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ഡി) | ജി.എസ്.ടി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നിയമ നിർമ്മാണത്തെക്കുറിച്ചുള്ള ചർച്ചകൾ അതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. വ്യാപാരിയിൽ നിന്ന് ഉപഭോക്താക്കളിലേക്കുള്ള അന്തർ സംസ്ഥാന കൈമാറ്റങ്ങൾ ഉൾപ്പെട്ട പ്രാപ്യസ്ഥാന തത്വം ജി.എസ്.ടി യുമായി ബന്ധപ്പെട്ട ഭരണഘടനാഭേദഗതിയിൽ തന്നെ ഉൾപ്പെടുത്തണം എന്ന നിലപാടാണ് സർക്കാർ എടുത്തിട്ടുള്ളത്. ചരക്ക് സേവനനികുതി ഒരു പ്രാപ്യസ്ഥാനത്ത് നികുതി ലഭ്യമാകുന്ന സംവിധാനമാകയാൽ, ഓൺലൈൻ വ്യാപാരത്തിലൂടെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തെ ഉപഭോക്താക്കൾ വാങ്ങുന്ന വസ്തുക്കളുടെ നികുതി സംസ്ഥാനത്തിന് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ജി.എസ്.ടി നടപ്പിലാക്കുന്നതിനു മുമ്പ് ഇ-കോമേഴ്സ് രംഗത്തെ ഇടപാടുകളുടെ കൃത്യമായ |